**സബ്മിഷൻ**

(1) വെള്ളാനിക്കര സി.എച്ച്.സി.

ചീഫ് വിപ്പ് (ശ്രീ. കെ. രാജൻ): സർ, ആരോഗ്യ മേഖലയിൽ ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പൊതുവെ കേരളത്തിൽ ശ്ലാഘനീയമാണ്. എന്റെ മണ്ഡലത്തിലെ ആരോഗ്യരംഗത്ത് നിലനിൽക്കുന്ന വളരെ ഗുരുതരമായിട്ടുള്ള ഒരു പ്രശ്നം സഭയുടേയും അങ്ങയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഞാൻ ഇപ്പോൾ ഇങ്ങനെയൊരു സബ്മിഷൻ അവതരിപ്പിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലാണ് തൃശ്ശൂരിൽനിന്നും പാലക്കാട്ടേക്ക് പോകുന്ന ഒരു അന്തർസംസ്ഥാന പാതയായ എൻ.എച്ച് 544 നിലവിലുള്ളത്. അതിന്റെ ഓരത്തുള്ള ആശുപത്രിയാണ് വെള്ളാനിക്കര സി.എച്ച്.സി. ദേശീയപാതയിൽ പാലക്കാട് നിന്നും ഇങ്ങോട്ട് വരുമ്പോൾ ആലത്തൂർ താലൂക്കാശുപത്രി കഴിഞ്ഞാൽ 65-ഓളം കിലോമീറ്റർ ദൂരത്ത് ഏതെങ്കിലും തരത്തിലുള്ള അപകടമുണ്ടായാൽ അടിയന്തരമായി ചികിത്സിക്കാനുള്ള യാതൊരു സൗകര്യങ്ങളോ സർക്കാർ ആശുപത്രികളോ ഇല്ല. ദേശീയപാതാ അതോറിറ്റിയും കരാർ കമ്പനിയും നടത്തുന്ന അപകടകരമായ പ്രവണതകൾ, അവരുടെ അനാസ്ഥ, അശാസ്ത്രീയമായ

നിർമ്മാണം എന്നിവയുടെ ഭാഗമായി നിരവധി അപകടങ്ങളാണ് എല്ലാ ദിവസവും ഇവിടെ ഉണ്ടാകുന്നത്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 73 മരണങ്ങളാണ് ഈ പാതയിൽ ഉണ്ടായതെന്ന് നേരത്തെ സഭയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നിട്ടുള്ളതാണ്. ഈ സർക്കാർ വന്നതിനുശേഷം എം.എൽ.എ., എം.പി. ഫണ്ട് ഉപയോഗിച്ച് ഒന്നര കോടി രൂപയുടെ ഒരു പുതിയ കെട്ടിടം അവിടെയുണ്ടാക്കി. കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി 50 സെന്റ് സ്ഥലം പുതിയ നിർമ്മാണത്തിനായി വിട്ടുതന്നു. അവിടെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ രണ്ട് കോടി രൂപ ലഭ്യമായി. ഇതെല്ലാം യാഥാർത്ഥ്യമാണെങ്കിലും ഭൗതിക സാഹചര്യങ്ങൾ കൊണ്ടുമാത്രം ആരോഗ്യ മേഖലയിൽ ആവശ്യമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയില്ല എന്ന് നമുക്കെല്ലാവർക്കുമറിയാം. വെള്ളാനിക്കര സി.എച്ച്.സി. നേരത്തെ പി.എച്ച്.സി. ആയിരുന്നു. അത് സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. പി.എച്ച്.സി.-യിൽനിന്നും സി.എച്ച്.സി. ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടപ്പോഴും പി.എച്ച്.സി.-യുടെ പാറ്റേണിൽ ഒരു മാറ്റവുമുണ്ടായില്ല. സി.എച്ച്.സി. ആകുമ്പോൾ ലഭ്യമാകേണ്ട ആവശ്യമായ സ്റ്റാഫ് നമുക്ക് ഉണ്ടായിരുന്നില്ല. ഇത് നേരത്തെ കിടത്തിചികിത്സ ലഭ്യമായിരുന്ന ഒരു ആശുപത്രിയായിരുന്നു.

ഹൈവേയുടെ ഓരത്തുള്ള ഒരു ആശുപത്രി എന്ന നിലയിൽ 500 -നം 600-നം ഇടയിൽ ദിവസവും ഒ.പി. ഉള്ള ഒരു ആശുപത്രിയിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ഒന്നും നിലവിലില്ല. താലൂക്കാശുപത്രിയായി ഇത് മാറ്റണമെന്ന ഒരു പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് പരിശോധിച്ചുവരികയാണ് എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. സാങ്കേതിക പ്രശ്നങ്ങൾ നിരവധിയുണ്ട് എന്ന് ഞങ്ങൾക്കറിയാം. പക്ഷേ എല്ലാ ദിവസവും നിരവധി അപകടങ്ങളുടെ വേദിയായി മാറുന്ന ഈ മേഖലയിൽ, സാധാരണ മനുഷ്യന്റെ ജീവൻ രക്ഷിക്കാനുള്ള മനുഷ്യത്വപരമായിട്ടുള്ള ഒരു ഇടപെടലിന്റെ ഭാഗമായി അവിടെ വരുന്ന രോഗിക്ക് അടിയന്തരമായി ചികിത്സ കിട്ടാനുള്ള ഏതെങ്കിലും ഒരു സംവിധാനമുണ്ടാക്കാൻ സാധിക്കുമോ എന്നതാണ് എന്റെ സംശയം. അവിടെ ഒരു ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ? താലൂക്കാശുപത്രിയായി പരിഗണനയിലിരിക്കുന്ന ഒരു ആശുപത്രി എന്ന നിലയിൽ 600-ൽ ഏറെ വരുന്ന ഒ.പി.-യുള്ള ഒരു സ്ഥലമെന്ന നിലയിൽ മറ്റ് മാർഗ്ഗങ്ങളിലേക്ക് കടക്കുന്നതിനുമുൻപ് തൽക്കാലം ഏറ്റവും ചുരുങ്ങിയത് ഒരു കുടുംബാരോഗ്യകേന്ദ്രമെങ്കിലുമായി അതിനെ മാറ്റിയാൽ കുറച്ചെങ്കിലും ചില

മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും. തിരുവില്വാമലയിലെ സി.എച്ച്.സി. ആ നിലയിൽ കുടുംബാരോഗ്യ കേന്ദ്രമായി നേരത്തെ മാറ്റിയിട്ടുള്ളതാണ്. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. സാങ്കേതിക പ്രശ്നങ്ങൾ മാറ്റിവച്ചുകൊണ്ട് പ്രത്യേകിച്ചും എൻ.എച്ച്. 544 -ന്റെ സമീപത്തുള്ള ആശുപത്രി, 65 കിലോമീറ്റർ സ്ഥലത്ത് യാതൊരു ട്രോമാ കെയർ സംവിധാനങ്ങളും ഏർപ്പെടുത്താൻ കഴിയാത്ത ഒരു മേഖല എന്ന നിലയിൽ പ്രത്യേകമായി പരിഗണിക്കണം. തീർച്ചയായും അങ്ങ് ആരോഗ്യ മേഖലയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഇടപെടലുകൾ വളരെ ശ്ലാഘനീയമായിട്ടാണ് കേരളം മുഴുവൻ കാണുന്നത്. കയ്യുറകളും മാസ്കുമില്ലാതെ നിപ എന്ന ഭീകര മഹാദുരന്തത്തെ നേരിടാൻ കഴിവ് കാണിച്ച കേരളത്തിന്റെ ടീച്ചറമ്മയുടെ കാരുണ്യ സ്പർശം ഈ മേഖലയിൽക്കൂടിയുണ്ടാകണം എന്നൊരു അഭ്യർത്ഥനയായിട്ടാണ് ഈ സബ്മിഷൻ എനിക്ക് ഉന്നയിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): വെള്ളാനിക്കര സി.എച്ച്.സി. 1959-ൽ പ്രവർത്തനം ആരംഭിച്ച ആശുപത്രിയാണ്. മാടക്കത്തറ, നടത്തറ, പാണഞ്ചേരി,

പുത്തൂർ തുടങ്ങിയ പഞ്ചായത്തുകളിലും തൃശ്ശൂർ കോർപ്പറേഷന്റെ കീഴിലുള്ള ചില മേഖലയിലെ ജനങ്ങൾക്കും സേവനം നൽകിവരുന്ന ആശുപത്രിയാണിത്. രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരേയും ഉച്ചയ്ക്കുശേഷം 2.00 മണി മുതൽ രാത്രി 8.00 മണി വരേയും ഒ.പി. പ്രവർത്തിക്കുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം ബ്ലോക്ക്തല സി.എച്ച്.സി. എന്നുള്ള നിലയിൽ ഉച്ചയ്ക്കുശേഷം 2.00 മണി മുതൽ രാത്രി 8.00 മണി വരെ ഒ.പി.-യുടെ പ്രവർത്തനം ആരംഭിക്കുകയും അതിന്റെ പ്രവർത്തനം നടത്തുകയും ചെയ്യുന്നുണ്ട്. ലാബിന്റെ സേവനം രാവിലെ 8.30 മുതൽ വൈകിട്ട് 6.00 മണി വരെ നൽകുന്നുണ്ട്. ഒബ്സർവേഷൻ വിഭാഗത്തിൽ പത്ത് കിടക്കകളുണ്ട്. കിടത്തി ചികിത്സ ഇല്ല. പകൽ സമയത്തുള്ള ഒബ്സർവേഷനും നടക്കുന്നുണ്ട്. എല്ലാ തിങ്കളാഴ്ചയിലും ഗർഭിണികൾക്കുള്ള പരിശോധനയും ബുധനാഴ്ചകളിൽ കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പുകളും പരിശോധനയും നടക്കുന്നുണ്ട്. നേത്ര പരിശോധനാ വിഭാഗവും ഡെന്റൽ വിഭാഗവും അവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതെല്ലാം വെള്ളാനിക്കര ആശുപത്രിയിൽ നമുക്ക് കൊടുക്കാൻ സാധിച്ചിട്ടുണ്ട്. 400-നും 450-നും ഇടയിൽ രോഗികൾ ശരാശരി അവിടെ എത്തിച്ചേരാറുണ്ട്. അഞ്ച് ഡോക്ടർമാരുടെ സേവനം സി.എച്ച്.സി.

എന്നുള്ള നിലയിൽ അവിടെ ലഭ്യമാണ്. അതുപോലെതന്നെ മറ്റ് അനുബന്ധ ജീവനക്കാരും അവിടെയുണ്ട്. ഇതിനെ താലൂക്കാശുപത്രിയായി പ്രഖ്യാപിക്കാൻ അതിന് അടിസ്ഥാനപരമായ പോസ്റ്റ് ക്രിയേഷൻകൂടി വന്നാലേ സാധിക്കുകയുള്ളൂ. ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി എന്ന നിലപാടാണ് ഈ ഗവൺമെന്റ് എടുത്തിരിക്കുന്നത്. ഒരു സ്റ്റാന്റേർഡൈസേഷനെ അടിസ്ഥാനമാക്കിയാണ് കാര്യങ്ങൾ ചെയ്യുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കുറേ കാര്യങ്ങൾ ഇവിടെ മെച്ചപ്പെടുത്തിയിട്ടുണ്ട്. കുറേക്കൂടി മെച്ചപ്പെട്ട പ്രവർത്തനം നടത്താൻവേണ്ടി ഘട്ടംഘട്ടമായി 152 ബ്ലോക്ക് തല സി.എച്ച്.സി.-കളെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമെന്ന സങ്കൽപ്പത്തിലേയ്ക്ക് വരികയാണ്. പഞ്ചായത്ത് കുടുംബാരോഗ്യകേന്ദ്രത്തേക്കാളും മുമ്പിൽ നിൽക്കുകയാണ് ഇപ്പോൾ ഈ ആശുപത്രി. അതുകൊണ്ട് അതിനെ കൂടുതൽ മെച്ചപ്പെടുത്താനുള്ള പരിശ്രമം എന്തായാലും നടത്തുന്നതാണ്. ബഹുമാനപ്പെട്ട മെമ്പറും അതിൽ വലിയ താല്പര്യം കാണിക്കുന്ന ആളാണ്. അതുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട അവസ്ഥയുണ്ടാക്കിയെടുക്കാൻ പരിശ്രമിക്കുന്നതാണ്. താലൂക്ക് ആശുപത്രി എന്നുള്ള പ്രഖ്യാപനം നടത്താൻ ഇപ്പോൾ പറ്റില്ല. കാരണം അതിന് അത്രയും പോസ്റ്റ് ക്രിയേഷൻ നടക്കണം.

താലൂക്കിൽ ഒരു താലൂക്ക് ആശുപത്രിയെന്ന സംവിധാനമാണ് നമ്മൾ കണക്കാക്കുന്നത്. ട്രോമാ കെയറിന്റെ കാര്യത്തിൽ, വ്യക്തമായുള്ള ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ നാട്ടിൽ ബ്ലാക്ക് സ്പോട്ട് മാപ്പിംഗ് നടത്തിയിട്ടാണ് ഈ 108 ആബുലൻസുകൾ വിന്യസിച്ചിരിക്കുന്നത്. 30 കിലോമീറ്റർ ഇടവിട്ട് ഒരു ആബുലൻസ് എന്നതാണ് കണക്ക്, അല്ലാതെ ഒരു ആശുപത്രിക്ക് ഒന്ന് എന്ന നിലയിലല്ല. ചിലപ്പോൾ അത് 35 കി.മീറ്റർ അല്ലെങ്കിൽ 25 കി.മീറ്റർ എന്നൊക്കെ വ്യത്യാസം വരും. പക്ഷെ ശരാശരി 30 കി.മീറ്ററിന് ഒന്ന് എന്ന കാഴ്ചപ്പാടിലാണ് 315 Basic Life Support (BLS) ആംബുലൻസുകൾ വിന്യസിച്ചിട്ടുള്ളത്. ഈ ആബുലൻസുകളല്ലാതെ നാട്ടിൽ സാധാരണ പർപ്പസിന് ഉപയോഗിക്കുന്ന മറ്റ് ആംബുലൻസുകളും സേവനം നടത്തുന്നുണ്ട്. ഇത് അപകടമുണ്ടാകുമ്പോൾ മാത്രം ഉപയോഗിക്കാനുള്ള Basic Life Support System ഉള്ള ആംബുലൻസാണ്. ആശുപത്രി പരിസരത്തുണ്ടാകുന്ന അപകടങ്ങളിൽ അതെങ്ങനെയാണ് കൈകാര്യം ചെയ്യുക എന്നത് ഒന്നുകൂടി പരിശോധിച്ചുനോക്കാം. അത് ഇവിടെക്കൂടി ഉപകാരം കിട്ടുന്ന രീതിയിൽ എങ്ങനെ പ്രവർത്തിപ്പിക്കാൻ കഴിയുമെന്നുള്ളത് നമുക്ക് പ്രത്യേകിച്ച് പരിശോധിച്ചുനോക്കാമെന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ട്രോമാ കെയർ

സംവിധാനത്തിന്റെ കാര്യത്തിൽ താലൂക്ക് ആശുപത്രികളൊക്കെ കേന്ദ്രീകരിച്ചാണിപ്പോൾ ട്രോമാ യൂണിറ്റുണ്ടാക്കുന്നത്. അതുകൊണ്ട് സി.എച്ച്.സി. കേന്ദ്രീകരിച്ചിട്ടുള്ള ട്രോമാ കെയറിന് ഒരുപാട് സംവിധാനങ്ങൾ വേണ്ടതാണ്. അടിയന്തരമായി നൽകേണ്ട ഫസ്റ്റ് എയ്ഡ് പോലെയുള്ള കാര്യങ്ങളൊക്കെ എല്ലാ ആശുപത്രികളിലും എല്ലാവരേയും പഠിപ്പിക്കുന്നുണ്ട്. എന്നാൽ ഒരു ട്രോമാ കെയർ സംവിധാനം പൂർണമായി താലൂക്ക് ആശുപത്രി മുതലുള്ള ആശുപത്രികളിലാണ് വരുന്നത്. ആക്സിഡന്റ് ഏരിയായിലാണ് അത്തരം കാര്യങ്ങൾ വരുന്നത്. ഏതായാലും സി.എച്ച്.സി.-ക്ക് പരമാവധി കൊടുക്കാൻ കഴിയുന്ന കാര്യങ്ങൾ കൊടുത്തുകൊണ്ട് വികസിപ്പിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

(2) ബി.എസ്.എൻ.എൽ. കരാർ തൊഴിലാളികളുടെ വേതനം

ശ്രീ. എം. സ്വരാജ്: സർ, നമ്മുടെ സംസ്ഥാനത്ത് ബി.എസ്.എൻ.എൽ.-ലെ കരാർ ജീവനക്കാർ ഇപ്പോഴും സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ സമരത്തിൽ ഉൾപ്പെട്ടിരുന്ന രാമകൃഷ്ണൻ എന്ന കരാർ തൊഴിലാളി ഇന്നലെ നിലമ്പൂരിലെ ബി.എസ്.എൻ.എൽ. ഓഫീസിൽ തന്റെ ജോലിക്കുശേഷം തൂങ്ങി മരിക്കുകയുണ്ടായി. വളരെ വേദനാജനകമായ സംഭവമാണ് നമ്മുടെ

സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. ബി.എസ്.എൻ.എൽ.-ലെ കരാർ ജീവനക്കാർക്ക് ഏഴെട്ട് മാസമായി ശമ്പളം മുടങ്ങിയിരിക്കുകയാണ്. ശമ്പളമില്ലാതെയാണ് അവർ ജോലി ചെയ്യുന്നത്. 130 ദിവസമായി അവർ സമരത്തിലാണ്. 6182 കരാർ തൊഴിലാളികളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. നമ്മുടെ രാജ്യത്തിന്റെ അഭിമാനസ്തംഭവും സ്വത്തുമായ ബി.എസ്.എൻ.എൽ.-നെ തകർക്കാനുള്ള നീക്കമാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായിത്തന്നെ നമ്മുടെ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന വെല്ലുവിളികളുടെ ചരിത്രം നമുക്കറിയാം, ഞാൻ അത് വിശദീകരിക്കുന്നില്ല. 2004-05 വർഷത്തിൽ പതിനായിരം കോടി രൂപയുടെ ലാഭമുണ്ടായിരുന്ന പൊതുമേഖലാ സ്ഥാപനമാണ് ബി.എസ്.എൻ.എൽ. 2009 മുതലാണ് അത് നഷ്ടത്തിലായി തുടങ്ങിയത്. ആ സമയത്തെ 2 ജി സ്പെക്ട്രം ഇടപാടും അഴിമതിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഏതായാലും ഇപ്പോൾ നഷ്ടത്തിലായ ബി.എസ്.എൻ.എൽ.-നെ തകർക്കാനും സ്വകാര്യവൽക്കരിക്കാനുമുള്ള ആസൂത്രിതമായ നീക്കമാണ് കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ സ്വകാര്യ ഫോൺ

കമ്പനികൾക്കുവേണ്ടി കൂലിപ്പണി ചെയ്യുന്നവരുടെ റോളിലാണ് ഇന്നത്തെ കേന്ദ്ര ഗവൺമെന്റ്. അവിടത്തെ ജീവനക്കാരെ മുഴുവൻ പിരിച്ചയയ്ക്കാനാണ് ശ്രമിക്കുന്നത്. അവരെ ശ്വാസംമുട്ടിക്കുകയാണ്. അവരെ സ്വയം പിരിഞ്ഞുപോകാൻ നിർബന്ധിക്കുകയാണ്. അതുകൊണ്ടാണ് ഏഴെട്ട് മാസങ്ങളായി ശമ്പളം കൊടുക്കാത്തത്. ശമ്പളം ലഭിക്കാതെ ജോലി ചെയ്തുകൊണ്ടിരിക്കുന്നവരുടെ ആശങ്കകളെ കൂടുതലായി ബലപ്പെടുത്തുംവിധം ഇപ്പോൾ പുതിയതായി ഒരു ഓർഡർ ഇറങ്ങിയിരിക്കുന്നു. ആത്മഹത്യ ചെയ്ത രാമകൃഷ്ണൻ പത്തുമുപ്പത് വർഷമായി അവിടെ സ്വീപ്പർ ജോലി ചെയ്തുകൊണ്ടിരുന്ന ആളാണ്. ആഴ്ചയിൽ മൂന്ന് ദിവസം മതി ഈ സ്വീപ്പർമാരുടെ സേവനമെന്നാണ് ഇപ്പോൾ വന്നിരിക്കുന്ന ഓർഡറിൽ പറയുന്നത്. ഏഴെട്ട് മാസമായി ശമ്പളമില്ലാതെ ജോലി ചെയ്യുന്നവർ, ഗത്യന്തരമില്ലാതെ 130 ദിവസങ്ങളായി സമരം ചെയ്യുന്നവർ, അവരുടെ മുമ്പാകെ വന്നിരിക്കുന്ന പുതിയ ഓർഡറിൽ അവർ ഇനി മൂന്ന് ദിവസം ജോലി ചെയ്താൽ മതിയെന്നാണ് പറഞ്ഞിരിക്കുന്നത്. അതോടുകൂടി ജീവിതം വഴിമുട്ടിപോകുമെന്ന ഘട്ടം വന്നപ്പോഴാണ് ഭിന്നശേഷിക്കാരൻകൂടിയായ..... അദ്ദേഹത്തിന്റെ ഒരു മകൻ അസുഖബാധിതനാണ് ചികിത്സിക്കാൻ ഭാരിച്ച പണം വേണം. ഈ

കുടുംബപശ്ചാത്തലമുള്ള അദ്ദേഹം ജീവിക്കാൻ ഇനിയൊരു മാർഗ്ഗവുമില്ല എന്ന സാഹചര്യം ഈ ഓർഡറിലൂടെ മനസ്സിലാക്കിയപ്പോൾ പിടിച്ചുനിൽക്കാൻ ആകാതെ താൻ മുപ്പത് വർഷമായി ജോലി ചെയ്യുന്ന ബി.എസ്.എൻ.എൽ. ഓഫീസിൽ ഇന്നലെയും രാവിലെ വന്ന് ജോലി ചെയ്തശേഷം തൂങ്ങി മരിക്കുകയാണ് ചെയ്തിട്ടുള്ളത്. അങ്ങേയറ്റം നമ്മുടെയെല്ലാം മനസ്സിനെ പിടിച്ചുകുലുക്കുന്ന ഈ പ്രശ്നം നമ്മുടെ രാജ്യത്ത് ഇന്ന് നിലനിൽക്കുന്ന ഭ്രാന്തമായ സ്വകാര്യവൽക്കരണത്തിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളെ തകർക്കുന്ന സർക്കാർ നിലപാടുകളുമായികൂടി ബന്ധപ്പെട്ട് നിൽക്കുന്ന ഒന്നാണ്. വലിയ രാജ്യ സ്നേഹത്തെക്കുറിച്ച് പ്രസംഗിക്കുന്നവരാണ് കേന്ദ്ര ഗവൺമെന്റ്. ഈ വിഷയവുമായി നേരിട്ട് ബന്ധപ്പെട്ടല്ലെങ്കിലും ഞാൻ സൂചിപ്പിക്കുന്നത് നമ്മുടെ നാട്ടിലെ, Bharath Petroleum Corporation Limited (BPCL)-നെക്കുറിച്ച് കഴിഞ്ഞ ദിവസം ഇവിടെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചതാണ്. പെട്രോളിയം മേഖല ദേശസാൽക്കരിക്കാനുള്ള കാരണം, പണ്ട് സ്വകാര്യമേഖലയിലായിരുന്നു ഇന്ത്യയുടെ പ്രെട്രോളിയം ബിസിനസ്സ്. BPCL പണ്ട് ബെർമാ ഷെൽ കമ്പനിയായിരുന്നു. ഇന്ത്യാ പാകിസ്ഥാൻ യുദ്ധമുണ്ടായപ്പോൾ ഇന്ത്യൻ സൈന്യത്തിന് ആവശ്യമായുള്ള അധിക ഇന്ധനം

ഉൽപ്പാദിപ്പിക്കാനും വിതരണം ചെയ്യാനും അന്നത്തെ സ്വകാര്യ മേഖലയിലുള്ള ബർമ ഷെൽ എണ്ണ കമ്പനി വിസമ്മതിച്ചപ്പോഴാണ് ഇതൊക്കെ നമ്മുടെ രാജ്യ സുരക്ഷയെ ബാധിക്കുമെന്ന് കേന്ദ്ര ഗവൺമെന്റിന് മനസ്സിലായത്. അതിനുശേഷമാണ് 1976-ൽ BPCL ഉണ്ടായതും പെട്രോളിയം മേഖല ദേശസാൽക്കരിച്ചതും. അത് രാജ്യത്തിന്റെ സുരക്ഷയെ കരുതിയാണ്. ഒരു യുദ്ധ സാഹചര്യമുണ്ടായാൽ വലിയ അപകടം വരുമെന്ന് കരുതിയാണ് ദേശസാൽക്കരിച്ചത്. ഞാൻ സൂചിപ്പിച്ചത് ആ BPCL ഉൾപ്പെടെ സ്വകാര്യവൽകരിക്കാൻ നീക്കം നടത്തുന്ന ഇന്നത്തെ കേന്ദ്ര ഗവൺമെന്റ് ബി.എസ്.എൻ.എൽ.-നെയും തകർക്കുകയാണ്. ഈ രാജ്യത്തിന്റെ അഭിമാന സ്തംഭങ്ങളെല്ലാം തകർക്കുകയാണ്. അടിയന്തരമായി ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണമെങ്കിൽ ബാങ്ക് വായ്പ എടുക്കാൻ ബി.എസ്.എൻ.എൽ.-നെ അനുവദിക്കണം. സർക്കാരിന്റെ നിക്ഷേപം വർദ്ധിപ്പിക്കണം. ഇപ്പോൾ ജിയോയെയും റിലയൻസിനെയും സഹായിക്കാനാണ് ബി.എസ്.എൻ.എൽ.-നെ തകർക്കുന്നത്. ജിയോയ്ക്ക് രണ്ട് ലക്ഷം കോടി രൂപയുടെ ബാങ്ക് വായ്പയുണ്ട്. എന്നാൽ ബി.എസ്.എൻ.എൽ.-നെ ബാങ്ക് വായ്പയെടുക്കാൻ അനുവദിക്കുന്നില്ല. ഇന്ത്യയിലെ സ്വകാര്യ ഫോൺ കമ്പനികൾക്കാകെ ഏഴ് ലക്ഷം കോടി

രൂപയുടെ കടമുണ്ട്. ഈ സാഹചര്യത്തിൽ ബി.എസ്.എൻ.എൽ.-നെ രക്ഷിക്കാൻ സർക്കാർ ഇൻവെസ്റ്റ്മെന്റ് നടത്താനും ബാങ്കിൽനിന്ന് ലോൺ എടുക്കാൻ അനുവാദം കൊടുക്കാനും ആവശ്യമായുള്ള സമ്മർദ്ദം കേരള ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കേന്ദ്ര ഗവൺമെന്റിന്റെ മുമ്പാകെയുണ്ടാകണം. അതോടൊപ്പം ആത്മഹത്യ ചെയ്ത നിർഭാഗ്യവാനായ രാമകൃഷ്ണന്റെ കുടുംബത്തെ നമുക്ക് ഏതെങ്കിലും തരത്തിൽ സഹായിക്കാൻ ആകുമോ എന്നുകൂടി അറിയാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ കേന്ദ്ര സർക്കാരിന്റെ നയമായി മാറിയിട്ട് കാൽ നൂറ്റാണ്ട് കഴിഞ്ഞു. ബഡ്ജറ്റിലെ ധനകമ്മി കുറച്ചുകാണിക്കുക എന്ന സങ്കുചിതമായ ലക്ഷ്യം മുൻനിർത്തിയാണ് ലാഭത്തിൽ പ്രവർത്തിക്കുന്ന നവരത്ന, മഹാരത്ന കമ്പനികളുടെ ഓഹരികൾ ഉൾപ്പെടെ വിറ്റഴിക്കാനുള്ള നയം തുടർച്ചയായി ആദ്യം കോൺഗ്രസ് ഗവൺമെന്റും പിന്നീട് ബി.ജെ.പി. സർക്കാരും കേന്ദ്രത്തിൽ അവലംബിച്ചുവരുന്നത്. ഇതിനെതിരെ ശക്തമായ നിലപാട് ഇടതുപക്ഷ പാർട്ടികളും മിക്കവാറും എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും

എല്ലാ കാലത്തും സ്വീകരിച്ചുവരികയാണ്. ഇപ്പോഴത്തെ ഓഹരി വിറ്റഴിക്കൽ 1999 മുതൽ കോൺഗ്രസ് സർക്കാരുകൾ സ്വീകരിച്ച നയത്തിന്റെ തുടർച്ചയാണെന്ന വസ്തുത ആർക്കും വിസ്മരിക്കാൻ കഴിയില്ല. ബഡ്ജറ്റിലെ ധനകമ്മി കുറച്ചുകാണിക്കുന്നത് പരമമായ ലക്ഷ്യമായി കാണുകയാണ്. ഇതിനായി വരുമാനം വർദ്ധിപ്പിക്കുന്നതല്ലാതെയുള്ള എല്ലാ കുറുക്കുവഴികളും തേടുകയെന്ന വികലമായ നയമാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കുന്നതിന്റെ പിന്നിലുള്ളത്. സേവന മേഖലയിൽനിന്നും കേന്ദ്ര സർക്കാർ ക്രമേണ പിൻമാറണമെന്ന നയത്തിന്റെ ഭാഗംകൂടിയാണ് ഈ നടപടി. ഈ പശ്ചാത്തലത്തിലാണ് പത്ത് വർഷം മുമ്പ് നാല്പത്തിഅഞ്ച് ശതമാനം വിപണി പങ്കാളിത്തമുണ്ടായിരുന്ന ബി.എസ്.എൻ.എൽ. പത്ത് ശതമാനത്തിലേയ്ക്ക് കൂപ്പുകുത്തിയത്. 2000-2009 വരെ 49,990 കോടി രൂപ പ്രവർത്തന ലാഭമുണ്ടായിരുന്ന കമ്പനിയാണ് ബി.എസ്.എൻ.എൽ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതെല്ലാം ശരിയായ കാര്യങ്ങളാണ്. ഇതര ടെലികോം കമ്പനികൾ കൺസോർഷ്യമുണ്ടാക്കി ടെണ്ടറുകൾ അട്ടിമറിച്ചു. ഇതിന്റെ ഫലമായി 2019, ഇന്നേയ്ക്കാകുമ്പോൾ സ്ഥാപനത്തിന്റെ ആകെ ബാധ്യത 12,888 കോടി രൂപയാണ്. വൻകിട ലാഭത്തിൽനിന്ന് വൻകിട നഷ്ടത്തിലേയ്ക്ക് ഈ

സ്ഥാപനത്തെ മനഃപൂർവ്വം വലിച്ച് താഴെയിടുകയായിരുന്നുവെന്ന് കാണാം. എല്ലാ ടെലിഫോൺ കമ്പനികളും 3G-യിൽനിന്നും 4G-ൽ എത്തി, അഞ്ചാം ജനറേഷനിലേയ്ക്ക് കുതിക്കുകയാണ്. പക്ഷെ ബി.എസ്.എൻ.എൽ.-ന് 4G-പോലും കേന്ദ്രസർക്കാർ നിഷേധിക്കുകയാണ്. മുന്നോട്ടുപോകാൻ സമ്മതിക്കുന്നതേയില്ല. ബി.എസ്.എൻ.എൽ. കരാർ തൊഴിലാളികൾക്ക് ശമ്പളം മുടങ്ങിയതും അതുകാരണം അനുഭവിക്കുന്ന ദുരിതവും കഴിഞ്ഞ ജൂലൈയിൽ ഒരു കത്ത് മുഖാന്തരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കഴിഞ്ഞ മുപ്പത് വർഷത്തോളം ബി.എസ്.എൻ.എൽ.-ൽ കരാർ തൊഴിലാളിയായിരുന്ന രാമകൃഷ്ണൻ. പത്ത് മാസങ്ങളായി ശമ്പളം ലഭിക്കാതെ ജീവിതം വഴിമുട്ടിയ അദ്ദേഹം ഇന്നലെ (07.11.2019) ആത്മഹത്യ ചെയ്യുകയും ചെയ്തു. ബഹുമാനപ്പെട്ട മെമ്പർ അതിവിടെ പരാമർശിക്കുകയും ചെയ്തു. അൻപത് ശതമാനം വരുന്ന കരാർ തൊഴിലാളികളെ ഒഴിവാക്കാനും തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വെട്ടിച്ചുരുക്കാനും അൻപത്തിയഞ്ച് വയസ്സുകഴിഞ്ഞവരെ ഒഴിവാക്കണമെന്നും ബി.എസ്.എൻ.എൽ. ഉത്തരവിറക്കിയിരിക്കുകയാണ്. എട്ട് മാസത്തോളമായി ഇവർക്ക് വേതനം ലഭിക്കുന്നില്ല. കേരളത്തിൽ മാത്രം 2019 ജനുവരി മാസം

8076 കരാർ തൊഴിലാളികളുണ്ടായിരുന്നത് ജൂലൈ 31 ആയപ്പോഴേയ്ക്കും 6182 ആയി കുറച്ചിരിക്കുകയാണ്. കരാർ തൊഴിലാളികളുടെ വേതന കുടിശ്ശിക ലഭിക്കണമെന്നാവശ്യപ്പെട്ട് തൊഴിലാളികൾ ബി.എസ്.എൻ.എൽ. ഓഫീസുകൾക്കുമുമ്പിൽ മാസങ്ങളായി തുടർ സമരം നടത്തിവരികയാണ്. പൊതുമേഖലയെ തകർക്കുന്ന കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ ബി.എസ്.എൻ.എൽ. എന്ന മഹത്തായ പൊതുമേഖലാ സ്ഥാപനത്തേയും അവിടത്തെ പ്രതിബദ്ധതയുള്ള തൊഴിലാളികളെയും വഴിയാധാരമാക്കുന്ന സ്ഥിതിയാണ് ഉണ്ടാക്കിയിരിക്കുന്നത്. ഇത് ഗുരുതരമായ ഒരു അവസ്ഥാ വിശേഷം സംജാതമാക്കിയിരിക്കുകയാണ്. ബി.എസ്.എൻ.എൽ.-നേയും അതിലെ തൊഴിലാളികളേയും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്, അതിനാവശ്യമായ ഇടപെടലുകൾ തുടർന്നും സംസ്ഥാന സർക്കാർ നടത്തേണ്ടി വരും. പണം നിക്ഷേപിക്കുക തുടങ്ങിയ കാര്യങ്ങൾ നയപരവും ഭരണഘടനാപരവുമായ കാര്യമാണ്, അത് പരിശോധിക്കേണ്ടതായി വരും.

(3) തലശ്ശേരി - കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിന്റെ സമഗ്ര പുരോഗതിക്കുതകുന്ന നിരവധി പദ്ധതികളാണ് കിഫ്ബിയിലൂടെ സംസ്ഥാന സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഭൗതിക പശ്ചാത്തല വികസനവും കുടിവെള്ളവും ജനങ്ങൾക്ക് ഏറ്റവും ആവശ്യമാണ്. കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നിരവധി പദ്ധതികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2017-18-ലെ ബഡ്ജറ്റിൽ കിഫ്ബിയിൽ 86 കോടി രൂപ അനുവദിച്ചുകൊണ്ടാണ് തലശ്ശേരി-കൂത്തുപറമ്പ് മണ്ഡലങ്ങളെ ബാധിക്കുന്ന കുടിവെള്ള ക്ഷാമത്തിന് പരിഹാരമുണ്ടാക്കാനുള്ള പദ്ധതി നടപ്പിലാക്കിയത്. തലശ്ശേരിയും കൂത്തുപറമ്പും വലിയ രീതിയിൽ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശമാണ്. തലശ്ശേരി ഒരു കോസ്റ്റൽ പട്ടണമാണെങ്കിലും അവിടെയും കുടിവെള്ള ക്ഷാമം രൂക്ഷമാണ്. അതിനാലാണ് തലശ്ശേരിയിലെയും കൂത്തുപറമ്പിലെയും കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനിച്ചത്. അതിന് ഭരണാനുമതിയും ലഭിച്ചു. അതുൾപ്പെടുന്നത് തലശ്ശേരി അസംബ്ലി മണ്ഡലത്തിലാണ്. നിർഭാഗ്യവശാൽ

കുടിവെള്ള ക്ഷാമം നേരിടുന്ന തലശ്ശേരി മണ്ഡലത്തിലെ ബഹുഭൂരിപക്ഷം വരുന്ന പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഇതിന് പുറത്താണ്. തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതിയെന്നാണിതിനെ വിളിക്കുന്നത്. അതുകൊണ്ട് തലശ്ശേരി -കൂത്തുപറമ്പ് കുടിവെള്ള പദ്ധതി നടപ്പിലാക്കുമ്പോൾ ഇതിന്റെ പ്രധാന കേന്ദ്രം അല്ലെങ്കിൽ കുടിവെള്ളം സംരക്ഷിക്കുന്ന ജല സംഭരണി നിർമ്മിക്കുന്നത് തലശ്ശേരി അസംബ്ലി മണ്ഡലത്തിലാണ്. ഈ കുടിവെള്ള പദ്ധതിയുടെ ജലസംഭരണി നിർമ്മിക്കാനായി തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ചൊക്ലി പഞ്ചായത്തിൽ ജനകീയ പങ്കാളിത്തത്തോടെ ആരംഭിച്ച ചൊക്ലി ഗവൺമെന്റ് കോളേജിൽ മുപ്പത് സെന്റോളം വരുന്ന ഭൂമി നൽകാൻ കഴിഞ്ഞ ദിവസം ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. ആ യോഗത്തിൽ എടുത്ത ധാരണ കുടിവെള്ള പദ്ധതിയുടെ ജലസംഭരണി ചൊക്ലിയിൽ നിർമ്മിക്കുമ്പോൾ ചൊക്ലി ഗവൺമെന്റ് കോളേജിന് യാതൊരു പ്രയാസവുമില്ലാത്തരീതിയിൽ കുടിവെള്ളം നൽകണമെന്ന ഉപാധിയിലാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് ജല സംഭരണി നിർമ്മിക്കാൻ അനുമതി നൽകിയത്. യഥാർത്ഥത്തിൽ ഇത് തലശ്ശേരി കുടിവെള്ള

പദ്ധതിയെന്നാണെങ്കിലും ഈ കുടിവെള്ള പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത് ചൊക്ലി പഞ്ചായത്തിൽ മാത്രമാണ്. എന്നാൽ ചൊക്ലിയോട് തൊട്ടടുത്ത് കിടക്കുന്ന തലശ്ശേരിയിൽക്കൂടി അത് വ്യാപിപ്പിക്കണമെന്ന അഭിപ്രായം മുന്നോട്ട് വച്ചാൽ അത് പ്രായോഗികമായി ശരിയല്ലെന്ന ബോദ്ധ്യം ഞങ്ങൾക്കുണ്ട്. കാരണം ചൊക്ലി, തലശ്ശേരി മണ്ഡലത്തിന്റെ ഒരു ഭാഗത്താണ് സ്ഥിതിചെയ്യുന്നത്. ആ ഭാഗത്തുള്ള കുടിവെള്ള പദ്ധതി തലശ്ശേരി അസംബ്ലി മണ്ഡലത്തിലാകെ വ്യാപിപ്പിക്കണമെന്ന ഡിമാന്റ് ഞങ്ങൾ ഉന്നയിക്കുന്നില്ല. എന്നാൽ ചൊക്ലിയോട് തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന കൂത്തുപറമ്പ് മണ്ഡലത്തിന്റെ തൊട്ടടുത്തുള്ള പന്ന്യന്നൂർ രൂക്ഷമായ കുടിവെള്ള ക്ഷാമമുള്ള ഒരു പഞ്ചായത്താണ്. കഴിഞ്ഞ വരൾച്ചാക്കാലത്തും വലിയ ക്ഷാമമാണ് പന്ന്യന്നൂർ പഞ്ചായത്തിൽ നേരിട്ടത്. ഓരോഘട്ടത്തിലും പന്ന്യന്നൂർ പഞ്ചായത്ത് കുടിവെള്ളക്ഷാമം നേരിടുകയാണ്. അതിനാൽ തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതിയെന്ന പേരിൽ കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതിയിൽ പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുന്നത്. പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തിയാൽ

തലശ്ശേരി കുടിവെള്ള പദ്ധതിയെന്ന പേരുതന്നെ കുറച്ചുകൂടി യാഥാർത്ഥ്യമാകും. അതുകൊണ്ട് എന്റെ അഭ്യർത്ഥന, തലശ്ശേരി കുടിവെള്ള പദ്ധതിയുടെ ജലസംഭരണി ചൊക്ലിയിൽ ആരംഭിക്കുമ്പോൾ തലശ്ശേരി-കൂത്തുപറമ്പ് കുടിവെള്ള പദ്ധതിയിൽ പന്ന്യന്നൂർ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തണം. അതിനാവശ്യമായ പഠനം ജല അതോറിറ്റിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. അതോടൊപ്പം ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കണം. 2017-18-ൽ ആരംഭിച്ചത് ഇപ്പോഴും നിശ്ചലാവസ്ഥയിലാണ്. ഈ പദ്ധതി എപ്പോൾ ആരംഭിക്കുമെന്നും എപ്പോൾ അവസാനിക്കുമെന്നും പറയാൻ സാധിക്കാത്തൊരു സാഹചര്യമുണ്ട്. ഇതിനൊരു പരിഹാരമുണ്ടാക്കാൻ ജലവിഭവ വകുപ്പുമന്ത്രിയോട് വിനയത്തോടെ ഞാൻ അഭ്യർത്ഥിക്കുന്നു. ഇപ്പോൾ കൂത്തുപറമ്പ് അസംബ്ലി മണ്ഡലത്തിലെ എം.എൽ.എ. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയാണ്. ആരോഗ്യ വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും തലശ്ശേരി എ.എൽ.എ.-യായ എന്നെയും ഉൾപ്പെടുത്തിക്കൊണ്ട് ഉന്നതതലയോഗം വിളിച്ച് ഈ പദ്ധതി പന്ന്യന്നൂരിൽകൂടി വ്യാപിപ്പിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ ഇടപെടലുകൾ നടത്താൻ ബഹുമാനപ്പെട്ട മന്ത്രിയോട് സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഈ അസംബ്ലിയുടെ സമയത്തുതന്നെ മീറ്റിംഗ് കൂടാമെന്ന് അങ്ങേയ്ക്ക് ഉറപ്പുനൽകുകയാണ്. കിഫ്ബിയിൽനിന്നും 85.46 കോടി രൂപയുടെ ധനസഹായാനുമതി ലഭിച്ച തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയിൽ പാനൂർ മുനിസിപ്പാലിറ്റി, ചൊക്ലി, മൊകേരി, പന്ന്യന്നൂർ എന്നീ പഞ്ചായത്തുകളിലെ വെള്ളത്തിന്റെ ആവശ്യകത കണക്കിലെടുത്ത് ശുദ്ധീകരണശാലയും ഗ്രാവിറ്റിമെയിനുകളുമുൾപ്പെടെ ഉല്പാദനത്തിനാവശ്യമായ ഘടകങ്ങളും പാനൂർ മുനിസിപ്പാലിറ്റി, ചൊക്ലി പഞ്ചായത്ത് എന്നിവയ്ക്കാവശ്യമായ ജലസംഭരണികളുമാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിന് ആവശ്യമായ പുതിയ വിതരണശൃംഖല ഇതിൽ ഉൾപ്പെടുന്നില്ല. എന്നാൽ ഗ്രാവിറ്റിമെയിനിൽ നിന്ന് നിലവിൽ പന്ന്യന്നൂർ പഞ്ചായത്തിന് കുടിവെള്ളം വിതരണം നടത്തി വരുന്ന 'പാത്തിപ്പാലം കുടിവെള്ള പദ്ധതി'യുടെ ശുദ്ധീകരണശാലയിലെ ശുദ്ധജല സംഭരണിയിലേയ്ക്ക് കൂടുതൽ ജലം എത്തിക്കുന്നതിന്റെ പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് വിവിധ ഘട്ടങ്ങളായി നടന്നുവരുന്നു. ഭരണാനുമതി ലഭിക്കാനുള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ, പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളെ

പൂർണ്ണമായും ഉൾപ്പെടുത്തി വിഭാവന ചെയ്യുന്നതാണ്. ഇത് ജലശക്തി മിഷനിൽ ഉൾപ്പെടുത്തിയാൽ കുറച്ചുകൂടി എളുപ്പത്തിൽ കാര്യങ്ങൾ നടത്താൻ സാധിക്കുമെന്ന് കരുതുന്നു.

(4) പുറയാർ റെയിൽവേ ഓവർ ബ്രിഡ്ജ്

ശ്രീ. അൻവർ സാദത്ത്: സർ, എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് പ്രധാനപ്പെട്ട പാലങ്ങളുടെ വിഷയമാണ് ഈ സബ്മിഷനിലൂടെ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 'പുറയാർ റെയിൽവേ ഓവർബ്രിഡ്ജും പാറപ്പുറം-വല്ലം കടവ് പാലവും'. 2016-2017-ലെ ബഡ്ജറ്റിൽ പുറയാർ റെയിൽവേ ഓവർ ബ്രിഡ്ജിന്റെ കാര്യം പ്രഖ്യാപിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും മന്ത്രി അത് കിഫ്ബിയിൽ ഉൾപ്പെടുത്തി 2/136/2017 ലെ നമ്പർ ഉത്തരവ് പ്രകാരം 45.67 കോടി രൂപ 13-03-2018-ൽ അനുവദിക്കുകയുണ്ടായി. തുക അനുവദിച്ചതിനുശേഷം റോഡ്സ് ആന്റ് ബ്രിഡ്ജസിന് പാലം പണി ഏറ്റെടുക്കുവാനുള്ള ഉത്തരവ് നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെയും അതിന്റെ ലാന്റ് അക്വിസിഷൻ നടപടി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഞാൻ ഇതിനിടയ്ക്ക് എറണാകുളം ജില്ലാ

കളക്ടറെക്കൊണ്ട് ഒരു യോഗം വിളിപ്പിക്കുകയുണ്ടായി. എന്നിട്ടുപോലും ആ സ്ഥലം ഏറ്റെടുക്കുവാനോ പാലം പണി പൂർത്തീകരിക്കാനുള്ള ഒരു നടപടിക്രമവും പുറയാർ ഓവർ ബ്രിഡ്ജിന്റെ കാര്യത്തിൽ ബന്ധപ്പെട്ട അധികാരികളും ഉദ്യോഗസ്ഥൻമാരും താല്പര്യം കാണിക്കുന്നില്ല. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. മറ്റൊരുപാലമായ, ആലുവ നിയോജകമണ്ഡലത്തെയും പെരുമ്പാവൂർ നിയോജകമണ്ഡലത്തെയും ബന്ധിപ്പിക്കുന്ന പാലമാണ് പാറപ്പുറം-വല്ലം കടവ് പാലം. ഇതിന്റെ നിർമ്മാണത്തിന് കരാർ ഏറ്റെടുത്തിരിക്കുന്നത് Seguro-Inkel Consortium ആണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 22.22 കോടി രൂപയാണ് ഇതിന്റെ കരാർ തുക. ഒൻപത് സ്പാനുകളാണ് ഈ പാലത്തിനുള്ളത്. അതിൽ മൂന്ന് സ്പാനുകളുടെ പണി പൂർത്തീകരിച്ചു. ബാക്കി ആറ് സ്പാനുകളുടെ പണി പൂർത്തീകരിക്കാനുണ്ട്. ഗവൺമെന്റ് കാശ് കൊടുക്കുന്നില്ല, അല്ലെങ്കിൽ മറ്റുള്ള കാര്യങ്ങളൊക്കെ പറഞ്ഞുകൊണ്ട് ഇതിനെ നീട്ടിക്കൊണ്ട് പോകുകയാണ്. ഇപ്പോൾ കുറച്ച് നാളുകളായി ഈ പാലം പണി നിർത്തി വച്ചിരിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കത്ത് നൽകുകയും അദ്ദേഹം അതിന് റിപ്പോർട്ട് ചോദിക്കുകയും ചെയ്തു. ഞാനും പെരുമ്പാവൂർ

മണ്ഡലത്തിലെ എം.എൽ.എ.-യായ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയും പലതവണ പാലം പണിയുമായി ബന്ധപ്പെട്ട് കോൺട്രാക്ടർമാരോടും ഉദ്യോഗസ്ഥൻമാരോടും നിരന്തരമായി സമ്മർദ്ദം ചെലുത്തിയിട്ടുപോലും ബാക്കിയുള്ള ആറ് സ്പാനുകൾ പൂർത്തീകരിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നില്ല. അതിനാൽ ബഹുമാനപ്പെട്ട മന്ത്രി, പാറപ്പുറം-വല്ലം കടവ് പാലത്തിന്റെ കാര്യത്തിൽ എത്രയും വേഗം അതിന്റെ പണി ആരംഭിച്ച് പൂർത്തീകരിച്ച് പാലം ഉത്ഘാടനം ചെയ്ത് സഞ്ചാരയോഗ്യമാക്കാനുള്ള സാഹചര്യമുണ്ടാക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഒരു കാര്യംകൂടി സൂചിപ്പിക്കുന്നു, ഇവിടെ പൊതുവായുള്ള വിഷയമാണ് റോഡിൽ കുണ്ടുംകുഴിയും കിടക്കുന്ന അവസ്ഥ. പലപ്പോഴും ഞങ്ങളെപ്പോലെയുള്ള ജനപ്രതിനിധികൾ ഇക്കാര്യത്തിൽ വിമർശനങ്ങൾ കേൾക്കുകയാണ്. ഇന്നലെ ശ്രീ. റോജി എം. ജോണിന്റെ സബ്മിഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി, മഴയും അതുപോലെയുള്ള പല കാരണങ്ങളാൽ ടെണ്ടർ എടുക്കാൻ പല ആളുകളും മുന്നോട്ട് വരുന്നില്ലെന്ന്. അങ്ങനെയുള്ള പ്രശ്നങ്ങളുമുണ്ട്. ഇത്തരം വിഷയങ്ങളിൽ ഞങ്ങളെ അനാവശ്യമായി പഴിചാരുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നു.

ഇതിനെല്ലാം എന്താണ് കാരണമെന്ന് മന്ത്രിക്ക് അറിയാം. വിമർശനത്തിനോ മറ്റുള്ള കാര്യങ്ങൾക്കോ ഞങ്ങൾ മന്ത്രിക്കെതിരെ ഒരു കാര്യവും പറയാൻ ആഗ്രഹിക്കുന്നില്ല. കാരണം, എന്താണ് കാര്യമെന്ന് ബോധ്യപ്പെട്ടു. അതുകൊണ്ട് പലപ്പോഴും ഒരാവശ്യവുമില്ലാതെ ഞങ്ങൾ വിമർശിക്കപ്പെടുകയാണ്. അതിനാൽ ഇത്തരം കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് ഉന്നയിച്ച ഉപക്ഷേപം അദ്ദേഹത്തിന്റെ മണ്ഡലത്തിലുള്ള പാലത്തെപ്പറ്റിയാണ്. ഈ പാലം 2016 സെപ്റ്റംബർ 27-ന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി. 2018 ജൂൺ 28-ന് സ്ഥലമേറ്റെടുക്കാനുള്ള റിക്വസ്റ്റ് കളക്ടർക്ക് നൽകി തഹസീൽദാരെ ഓഫീസറായി നിയമിച്ചു. അവിടെ പുറയാർ അൽമദീന ഇസ്ലാമിക് കോളേജ് ആന്റ് മസ്ജിദ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ആ കോമ്പൗണ്ടിൽനിന്നും കുറച്ച് സ്ഥലമെടുത്താലേ കല്ലുകൾ സ്ഥാപിക്കാൻ കഴിയൂ. എന്നാൽ സ്ഥലമെടുക്കാൻ അധികാരികൾ അനുവദിച്ചില്ല. അതുകൊണ്ട് ആ സ്ഥലമൊഴികെയുള്ള സ്ഥലത്തെല്ലാം 2019 മെയ് 15 നുള്ളിൽ സംയുക്ത

പരിശോധന നടത്തി അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. കണ്ടിജൻസി സ്പെഷ്യൽ ചാർജ് 13,74,723 രൂപ വേണം. ഈ വർഷം ആഗസ്റ്റ് 6-ന് കിഫ്ബിയിലേയ്ക്ക് പ്രൊപ്പോസൽ നൽകിയെങ്കിലും നാളിതുവരെ കണ്ടിജൻസി ഫണ്ട് കിഫ്ബി നൽകിയിട്ടില്ല. സാമൂഹ്യപഠനത്തിനുവേണ്ടി ആർ.ബി.ഡി.സി.കെ.-യുടെ സ്വന്തം ഫണ്ടിൽനിന്നും താൽക്കാലികമായി 3 ലക്ഷം രൂപ തഹസീൽദാരെ ഏൽപ്പിച്ചിരിക്കുകയാണ്. 2019 ജൂലൈ 9-ന് സ്ഥലം എം.എൽ.എ. ആയ അങ്ങയുടെ സാന്നിദ്ധ്യത്തിൽ ജില്ലാ കളക്ടർ പദ്ധതി അവലോകനം ചെയ്ത് സംയുക്ത പരിശോധന നടത്തി. അപ്പോഴും അൽമദീന ഇസ്ലാമിക് കോളേജ് ആന്റ് മസ്ജിദ് കോമ്പൗണ്ടിൽ കല്ലിടാൻ തീരുമാനമായില്ല. സമവായം ഉണ്ടാക്കാനുള്ള നീക്കമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ആ സ്ഥാപനം സഹകരിക്കുന്നില്ലെങ്കിൽ പോലീസിന്റെ സഹായത്തോടെ കല്ലിടേണ്ടിവരുമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. സമവായം ഉണ്ടാക്കാൻ ശ്രമിക്കുന്നതാണ് നല്ലത്. സാമൂഹ്യകപഠനത്തിനുള്ള ഏജൻസിയെ നിയമിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പെരിയാർ നദിക്ക് കുറുകെ പണിഞ്ഞുകൊണ്ടിരിക്കുന്ന പാറപ്പുറം-വല്ലംകടവ് പാലത്തെപ്പറ്റിയാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്.

2016 ജനുവരി 17-ന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 26 കോടി രൂപയുടെ ഭരണാനുമതി യും 2016 ഫെബ്രുവരി 5-ന് 23 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചു. അത് ടെണ്ടർ ചെയ്ത് 2016 നവംബർ 25-ന് കരാർ ഒപ്പിട്ടു. Seguro-Inkel Consortium കമ്പനിയാണ് ടെണ്ടർ പിടിച്ചിരിക്കുന്നത്. കുറച്ച് നിർമ്മാണ പ്രവൃത്തികൾ അവർ നടത്തിയിട്ടുണ്ട്. പാറപ്പുറം ഭാഗത്തെ സ്ഥലമുടമകൾ ഒറിജിനൽ ആധാരം ഹാജരാക്കാത്തതുകൊണ്ട് സ്ഥലമേറ്റെടുക്കുന്ന നടപടി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 24 മാസമായിരുന്ന അതിന്റെ കാലാവധി, ഇപ്പോൾ 36 മാസമായി. ആദ്യത്തെ 24 മാസത്തിനുപുറമേ ഒരുവർഷം കൂടി നീട്ടിക്കൊടുത്തു. ഇനിയും നീട്ടേണ്ട സ്ഥിതിയാണ്. 27 ഗിർഡറുകളിൽ 11 എണ്ണമേ പണിഞ്ഞിട്ടുള്ളൂ. 9 ഡെക് സ്ലാബുകളിൽ 3 എണ്ണം. അതായത് ഗിർഡറുകളുടെ 45 ശതമാനവും ഡെക് സ്ലാബുകളുടെ 33 ശതമാനവും മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. മറ്റ് വർക്കുകളെല്ലാംകൂടി 60 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. 10.5 കോടി രൂപയോളം ബില്ലായി കൊടുത്തിട്ടുണ്ട്. അവർ ചെയ്ത പ്രവൃത്തികൾക്ക് ഏതാണ്ട് 45 ശതമാനം തുക കൊടുത്തുകഴിഞ്ഞു. ടോട്ടൽ വർക്ക് വരുമ്പോൾ 45 ശതമാനമേ ആയിട്ടുള്ളൂ. പ്രളയമുണ്ടായപ്പോൾ കുറച്ച്

പ്രശ്നങ്ങൾ ഉണ്ടായി, ചില ഉപകരണങ്ങൾ ഒലിച്ചുപോയിട്ടുണ്ട്. അത് കണ്ടുപിടിക്കാൻ കുറച്ച് സമയമെടുക്കും. എങ്കിൽപ്പോലും ശുഷ്കാന്തിയോടെയുള്ള പ്രവർത്തനമല്ല ഈ കമ്പനി നടത്തുന്നത് എന്നുള്ള കാര്യം വളരെ വ്യക്തമാണ്. കരാറുകാരുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. കമ്പനിയെപ്പറ്റി പരിശോധിച്ചു, ഇവർ ഏറ്റെടുത്ത ഏഴ് പാലങ്ങളും സ്തംഭനാവസ്ഥയിലാണ്. 5 എണ്ണം ആലപ്പുഴയിലും, 2 എണ്ണം എറണാകുളത്തുമാണ്. 5 എണ്ണത്തിൽ 2 എണ്ണം എന്റെ മണ്ഡലത്തിലാണ്. 100 കോടി രൂപയുടെ പെരുമ്പളം പാലം പിടിച്ച് നാലഞ്ചുമാസം കഴിഞ്ഞിട്ടും യാതൊരു പ്രവൃത്തിയും ഇതുവരെ ചെയ്തിട്ടില്ല. ഇവർ പ്രവർത്തിക്കുന്നില്ല എന്നുള്ളതാണ്. ഇതിൽ ഗവൺമെന്റ് ഗൗരവപൂർവ്വമായ കോൺഫറൻസ് വിളിച്ചുകൂട്ടി ഇവരുടെ എല്ലാ കരാറുകളും ക്യാൻസൽ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. അവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കേണ്ടതാണ്. നിർമ്മാണത്തിന്റെ എല്ലാ വ്യവസ്ഥകളും ലംഘിക്കുകയാണ്. ആര് പറഞ്ഞാലും അവർ അനുസരിക്കില്ല. അവരുടെ പല കോൺക്രീറ്റിങ്ങിനും ഉദ്ദേശിച്ച നിലവാരമില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. കുട്ടനാട്ടിലെ പുറക്കാട് നാട്ടുചിറയിലെ പാലവും പരിശോധനയിൽ അപാകത കണ്ടെത്തി പ്രവൃത്തികൾ

നിർത്തിവയ്പ്പിച്ചു. പാലാരിവട്ടത്തിനുശേഷം അങ്ങനെ ചെയ്യാമോ; Inkel ഒരു പൊതുമേഖലാ സ്ഥാപനമാണ്. പൊതുമേഖലാ സ്ഥാപനം കരാർ പിടിക്കേണ്ട കാര്യമെന്താണ്; എവിടുന്നോ ലൈസൻസ് എടുത്തു, ക്യാൻസൽ ചെയ്യുന്നതുവരെ ടെണ്ടർ പിടിച്ചുകൊണ്ടിരിക്കും. ഇവർക്ക് ലൈസൻസ് എടുത്ത് പാലം പണിയേണ്ട കാര്യമെന്താണ്. കേരളത്തിൽ നിർമ്മാണ രംഗത്ത് മാതൃകാപരമായി 1970-കളിൽ രൂപീകരിച്ചതാണ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ. അവിടെ ധാരാളം ഉപകരണങ്ങളും ഉദ്യോഗസ്ഥരുമുണ്ട്. അവർ നല്ല നിലയിൽ ധാരാളം പാലങ്ങളും പണിഞ്ഞു. അതിനുശേഷം അഴിമതിയും പുറംകരാർ കൊടുക്കലും കെടുകാര്യസ്ഥതയുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപ നഷ്ടമായി. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒറിജിനൽ കരാർ പിടിക്കണ്ട എന്നുപറഞ്ഞു. കിൻഫ്രയെ ഏൽപ്പിക്കുന്നുണ്ട്. അവർ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആണ്. അതിലൊന്നുംതന്നെ സബ് കോൺട്രാക്റ്റ് കൊടുക്കാൻ പാടില്ല. സബ് കോൺട്രാക്റ്റ് മൊത്തത്തിൽ ഇല്ലാതാകും. ഇതൊന്നുമില്ലാതിരുന്നപ്പോൾ 14 കോടി രൂപ ലാഭമാണ്. കാരണം കിഫ്ബിയിൽ നിന്നും കിട്ടുന്ന വർക്കിന്റെ സെന്റേജ് ചാർജ് മതി. ആ തരത്തിൽ കാര്യങ്ങൾ നേരെ ആക്കുമ്പോഴാണ് മറ്റൊരു കമ്പനി വരുന്നത്.

ഇവരോട് പാടില്ലായെന്ന് പറഞ്ഞത് മറ്റൊരു കമ്പനി ഏറ്റെടുക്കുകയും ആര് പറഞ്ഞാലും അവർ അനുസരിക്കില്ല ആ തരത്തിൽ പോകുകയാണ്. ശക്തമായ നടപടികൾ അവരുടെ പേരിൽ എടുക്കാൻ ഉദ്ദേശിക്കുകയാണ്. അങ്ങയുടെ മണ്ഡലത്തിലെ പാലം ഇവരെ ഏൽപ്പിച്ചാൽ ഇവർ പണിചെയ്യുമെന്നതിന് യാതൊരു ഉറപ്പുമില്ല. കാരണം 36 മാസമായി പണിഞ്ഞിട്ടില്ല, 24 മാസമാണ് കാലാവധി. ഇങ്ങനെ ഒരു പ്രശ്നം ഉണ്ട്. വ്യവസായ വകുപ്പിനു കീഴിലാണ് ഈ സ്ഥാപനം. വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ എല്ലാം ഡീറ്റെയിൽസും കൊടുക്കാൻ പോകുകയാണ്. 100 കോടി രൂപയുടെ ടെണ്ടറാണ് പിടിച്ചത്. പെരുമ്പടം പാലത്തിന്റെ പ്രവൃത്തിയൊന്നും നടന്നിട്ടില്ല. ഇവരുടെ സമീപനം ഇങ്ങനെയായതുകൊണ്ടാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നത്. തീർച്ചയായും ഈ പാലത്തിന്റെ നിർമ്മാണവും പൂർത്തീകരിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കാം. റോഡിന്റെ കാര്യങ്ങൾ കഴിഞ്ഞ ചർച്ചയിൽ പറഞ്ഞതാണ്. റോഡിന് പണം ആഗസ്റ്റ് മാസത്തിൽ അനുവദിച്ചിട്ടുണ്ട്. അത് വച്ച് പ്രവൃത്തികൾ ആരംഭിക്കുക. തികയാതെ വന്നാൽ ബാക്കി തുക നൽകാം. ഇപ്പോൾ റിപ്പയർ ആന്റ് മെയിന്റനൻസിന്റെ കാര്യമാണ് പറയുന്നത്. മഴയൊക്കെ ഏകദേശം മാറി. അങ്ങേയ്ക്ക് ലഭിച്ച തുക

ഉപയോഗിച്ച് അങ്ങയുടെ പ്രദേശത്ത് നല്ലതുപോലെ പണി ചെയ്യുക. ബാക്കി എന്തെങ്കിലും ഉണ്ടെങ്കിൽ ആലോചിക്കാം. 140 മണ്ഡലങ്ങളിലും തുക അനുവദിച്ചിട്ടുണ്ട്.